# ഖരമാലിന്യ പരിപാലന നിയമാവലി

2008 ജൂൺ

കൊച്ചി നഗരസഭ

പ്രോജക്ട് സെക്രട്ടേറിയേറ്റ്–032880/07

# കൊച്ചി നഗരസഭ

## വിജ്ഞാപനം

(പ്രാബല്യം 2008 ജൂൺ മാസം ഒന്നാം തിയതി മുതൽ)

### ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും

മാലിന്യശേഖരണവും, കൈകാര്യം ചെയ്യലും കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994 പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലയാകയാലും അത് 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടം 2000 പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതാവശ്യമാകയാലും, കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 567 പ്രകാരം നഗരസഭ കൗൺസിലിന് നിക്ഷിപ്തമായ അധികാരത്താലും.

അപകടകാരികളായ വ്യവസായിക മാലിന്യങ്ങളും, ബയോ–മെഡിക്കൽ മാലിന്യങ്ങളും 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതിനാലും

സമൂഹത്തിൽ ഫലപ്രദമായി ഒരു ഖരമാലിന്യ മാനേജ്മെന്റ് പദ്ധതിയും, സംസ്ക്കാരവും രൂപപ്പെട്ടുവരണമെങ്കിൽ ശരിയായ നിയമങ്ങളുടെ നിർമ്മാണവും, നടപ്പിൽ വരുത്തലും നിലവിലുള്ള മാലിന്യസംസ്ക്കരണ രീതികളും, ഉടമ്പടികളും, നടപടിക്രമങ്ങളും യുക്തിഭദ്രമായി നവീകരിക്കുന്നത് മുതൽ സജീവമായ ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതുവരെ എല്ലാം ഉൾപ്പെടുന്ന ഒരു നയം തന്നെ നഗരസഭയ്ക്ക് ആവശ്യമാണെന്നു കാണുകയാലും

മാലിന്യം വൻതോതിൽ പുറംതള്ളുന്ന മേഖലയിലെ താമസക്കാരും, വ്യാപാരികളും, വ്യവസായികളും എല്ലാം ഉൾപ്പെടുന്ന പൗരസമൂഹം നഗരത്തെ വൃത്തിയായി സൂക്ഷിക്കുന്നതിനും, മാലിന്യം പൊതുനിരത്തുകളിൽ വലിച്ചെറിയാതിരിക്കുന്നതിനും, മാലിന്യം വേർതിരിച്ചു നൽകൽ, കണ്ടെയ്നറുകളിൽ മാത്രം നിക്ഷേപിക്കൽ, നിശ്ചിതസമയത്തുമാത്രം നിക്ഷേപിക്കൽ തുടങ്ങിയ കാര്യങ്ങളിലും ജാഗ്രതകാട്ടുന്നില്ല എന്നതിനാലും നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് കൊച്ചി നഗരസഭയ്ക്കു വേണ്ടി നഗരസഭാ സെക്രട്ടറി മാലിന്യം പൊതുനിരത്തുകളിൽ നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ടും മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും, കൈമാറുകയും, ശേഖരിക്കുകയും ചെയ്യണമെന്നത് നിർബന്ധമാക്കിക്കൊണ്ടും ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**ഈ വിജ്ഞാപനത്തിന്റെ വിശാല ലക്ഷ്യങ്ങൾ**

1. ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന രീതികൾ നഗരജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ടും നവീകരിക്കൽ

2. വൃത്തിയും മികച്ച ആരോഗ്യശുചിത്വനിലവാരങ്ങളുമുള്ള ഒരു നഗരസൃഷ്ടി

3. പൊതുസ്ഥലങ്ങൾ പൂർണ്ണമായും മാലിന്യ വിമുക്തമാക്കൽ

4. പരമാവധി മാലിന്യം പുനചംക്രമണം (recycle) ചെയ്യൽ

5. പരമാവധി ജൈവമാലിന്യം പ്രദേശിക സംവിധാനങ്ങളുപയോഗിച്ച് സംസ്ക്കരിക്കൽ

6. മാലിന്യസംസ്ക്കരണ കേന്ദ്രങ്ങളിലേക്ക് പരമാവധി കുറച്ച് മാലിന്യം മാത്രം എത്തിക്കാവുന്ന രീതിയിൽ ഉപഭോഗശീലങ്ങൾ ക്രമപ്പെടുത്തൽ

7. മാലിന്യം അടിഞ്ഞ് പൊതുകാനകളും ജലനിർഗ്ഗമന മാർഗ്ഗങ്ങളും ഉപയോഗ ശൂന്യമാകുന്നതും, വെള്ളക്കെട്ടുണ്ടാകുന്നതും തടയൽ

8. ഇക്കാര്യത്തിലുള്ള ജനകീയാവബോധം വർദ്ധിപ്പിക്കൽ

9. മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളിൽ നഗരസഭയുടെ നീക്കങ്ങൾ സുതാര്യമാക്കൽ

10. നഗരസഭാ ജനകീയപ്രസ്ഥാന-ഇതര സ്ഥാപന – സംഘടനാ സഹകരണം ഉറപ്പാക്കൽ

11. നഗരസഭാ കൗൺസിലർമാരുടെ പ്രവർത്തനനേതൃത്വം ഡിവിഷൻ തലത്തിൽ ഇക്കാര്യത്തിൽ ഉറപ്പുവരുത്തൽ

12. റെസിഡൻസ് അസോസിയേഷനുകളുടേയും പൗരസമിതികളുടേയും സഹകരണം നിയമപാലനത്തിൽ ഉറപ്പുവരുത്തൽ

13. ഇക്കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്ന നിയമങ്ങളുടെ ലംഘനത്തിന് ഉചിതമായ ശിക്ഷ നിയമാനുസൃതമാക്കൽ; പ്രഖ്യാപിക്കൽ

## 1. പേരും നിലവിൽ വരുന്ന തിയതിയും

a) ഖരമാലിന്യ പരിപാലന നിയമാവലി – 2008

b) ഈ നിയമങ്ങൾ ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രകാരം 2008 ജൂൺ മാസം ഒന്നാം തിയതി മുതൽ പ്രാബല്യത്തിൽ വരും.

## 2. വിജ്ഞാപനത്തിന്റെ പ്രയോഗപരിധി

കൊച്ചി നഗരസഭയിലെ മുഴുവൻ പൊതുസ്ഥലങ്ങളും, ആരുടെ സ്വകാര്യസ്വത്തവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ളതായാലും മുഴുവൻ വാസസ്ഥലങ്ങളും, വ്യാപാരവ്യവസായ കേന്ദ്രങ്ങളും ഇതരസ്ഥലങ്ങളും.

# 3. നിർവ്വചനങ്ങൾ

സംക്ഷിപ്തങ്ങളും/വിശദീകരണങ്ങളും പ്രത്യേകമായി നിർവചിക്കാത്തിടത്തോളം;

**1. അങ്കണം**
ഒരു പുരയിടത്തിനു മുൻവശത്തോ അതിനടുത്തോ നടപ്പാതയുടെ അരികിൽ വരെ നീളുന്ന സ്ഥലത്തിന് അങ്കണം എന്നു പറയുന്നു. കാനയും, നടവഴിയും, നടക്കല്ലും ഈ അങ്കണത്തിൽ ഉൾപ്പെടുന്നു.

**2. ഹെൽത്ത് ഇൻസ്പെക്ടർ**
കൊച്ചി നഗരസഭയുടെ ഒരുവാർഡിലെ ആരോഗ്യ വിഭാഗം അധികാരിയെയാണ് ഈ പദം കൊണ്ട് വിവക്ഷിക്കുന്നത്.

**3. ഏജൻസി/ ഏജന്റ്**
പരസ്പരമുള്ള കരാറടിസ്ഥാനത്തിൽ നഗരസഭയ്ക്കുവേണ്ടി ഒരു വ്യക്തിയോ/ സ്ഥാപനങ്ങളോ തെരുവുകൾ വൃത്തിയാക്കുക, ചവറുകൾ ശേഖരിക്കുക, നികുതികൾ പിരിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുകയോ , പ്രവർത്തിക്കുകയോ ചെയ്യുന്നുവെങ്കിൽ അവയെ ഏജൻസി/ ഏജന്റ് എന്നു പറയുന്നു.

**4. ജൈവവിഘടിത മാലിന്യങ്ങൾ**
സസ്യങ്ങളിൽ നിന്നും, മൃഗങ്ങളിൽ നിന്നും ജന്യമാകുന്ന മാലിന്യങ്ങളാണ് ജൈവവിഘടിത മാലിന്യങ്ങൾ. ഉദാ: അടുക്കള മാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, തോട്ടങ്ങളിൽ നിന്നുമുള്ള പൂക്കളുടേയും, ഇലകളുടെയും അവശിഷ്ടങ്ങൾ, മാർക്കറ്റിൽ നിന്നുള്ള പച്ചക്കറി, മൽസ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ.

**5. ആശുപത്രി മാലിന്യങ്ങൾ**
മനുഷ്യർക്കും മൃഗങ്ങൾക്കും ചികിൽസ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, രോഗനിർണ്ണയം തുടങ്ങിയവ നടത്തുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ അഥവാ അതുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനത്തിലോ ഉൽപ്പാദനത്തിലോ ജൈവപരമായ പരിശോധനയിലോ ഉൽഭവിക്കുന്ന മാലിന്യങ്ങളെയാണ് ആശുപത്രി മാലിന്യങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്.

**6. ബയോ മീഥെയ്നേഷൻ**
സൂക്ഷമാണുക്കളെ ഉപയോഗിച്ച് ജൈവപദാർത്ഥങ്ങൾ വിഘടിപ്പിച്ച് മീഥെയ്ൻ ഉൾപ്പെടുന്ന ജൈവവാതകങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയ.

**7. കൊച്ചി നഗരസഭ**
കൊച്ചി നഗരസഭയും ആവശ്യമായ സാഹചര്യങ്ങളിൽ നഗരസഭയുടെ പ്രതിനിധികളും

**8. ബൾക്ക് ജനറേറ്റർ**
ഇരുപത്തിഅഞ്ചോ അതിലധികമോ വീടുകൾ/ ഘടകങ്ങൾ ഉള്ള ഹൗസിംഗ് സൊസൈറ്റികളുടേയോ , ഫ്ളാറ്റ്സ്, അപ്പാർട്ട്മെന്റ്സ്, വില്ലാസ് കോംപ്ലക്സുകളുടേയോ ഉടമകളെയോ അത് കൈവശം വച്ചിരിക്കുന്നവരേയോ അല്ലെങ്കിൽ അവരെ പ്രതിനിധീകരിക്കുന്ന വ്യക്തികളേയോ ബൾക്ക് ജനറേറ്റർ എന്നു പറയുന്നു. അതു കൂടാതെ ബന്ധപ്പെട്ട വാർഡ് ഹെൽത്ത് ഇൻസ്പെക്ടറാൽ പ്രത്യേകം നിർവ്വചിക്കപ്പെടുന്ന സ്ഥാപനങ്ങളും അതിന്റെ പരിധിയിൽ വരുന്നു. ഉദാ: ഫസ്റ്റ്, സെക്കന്റ് ഗ്രേഡ് റസ്റ്റോറന്റുകൾ, സ്റ്റാർ – നോൺസ്റ്റാർ ഹോട്ടലുകൾ, കാന്റീനുകൾ, കേറ്ററിംഗ് യൂണിറ്റുകൾ, മാർക്കറ്റുകൾ, വ്യവസായ എസ്റ്റേറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാളുകൾ, സ്റ്റാളുകൾ, ജിംനേഷ്യങ്ങൾ, ക്ലബുകൾ, ആഡിറ്റോറിയങ്ങൾ, വിനോദശാലകൾ,

സർക്കാരുടമസ്ഥതയിലുള്ളതോ സ്വയംഭരണസ്ഥാപനങ്ങളുടേയോ ഓഫീസ്കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ക്ലിനിക്കുകൾ, ആശുപത്രികൾ, കോളനികൾ, സ്റ്റോറുകൾ, ഗോഡൗണുകൾ തുടങ്ങിയവ.

**9. കോർപ്പറേഷൻ ഹെൽത്ത് ആഫീസർ**
കൊച്ചി നഗരസഭയുടെ മാലിന്യനിർമ്മാർജ്ജന വകുപ്പിന്റെ മുഖ്യകാര്യദർശി.

**10. ഡിവിഷൻ കമ്മിറ്റി**
ഒരു വാർഡിലെ / ഡിവിഷനിലെ ശുചിത്വം സ്ഥിരമായി പരിശോധിക്കുകയും റിപ്പോർട്ടുകൾ നല്കുകയും ശുചീകരണസംഘത്തിന്റെ ഭാഗമാകുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും മാലിന്യം കുറയ്ക്കുന്നതിനും അവ പുനചംക്രമണം വഴി വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള നേതൃത്വം ഏറ്റെടുക്കുന്നതിനുമായി ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ സാമൂഹിക സംഘടനകളുടെയും, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ, എൻ. ആർ. എച്ച്. എം., വിവിധ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരും ഉൾപ്പെട്ട ഡിവിഷൻതല കമ്മിറ്റി.

**11 ക്ലീൻ കൊച്ചി സോൺ**
ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം എല്ലായ്പ്പോഴും ഉണ്ടായിരിക്കുന്നതിനും, പൊതുജനങ്ങൾക്ക് യാതൊരു വിധ ശല്യവും ഉണ്ടാകാതിരിയ്ക്കുന്നതിനും, മാലിന്യാവശിഷ്ടങ്ങൾ ഒട്ടും തന്നെ ഇല്ലാതിരിയ്ക്കുന്നതിനും വേണ്ടി സെക്രട്ടറിക്ക് വേണ്ടി ഹെൽത്ത് ഓഫീസർ വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ള പൊതുവഴിയോ, വഴികളോ ഏതെങ്കിലും പൊതുസ്ഥലമോ, കെട്ടിടങ്ങളോ, ഇവ മൂന്നും ഉൾപ്പെട്ടിട്ടുള്ള മേഖലയെയോ ഹെറിട്ടേജ് സോൺ, ടൂറിസം കേന്ദ്രങ്ങൾ എന്നിവയ്ക്കും ക്ലീൻ കൊച്ചി സോൺ എന്നു പറയുന്നു.

**12. ശേഖരണം**
ഏതെങ്കിലും പ്രദേശത്തു നിന്നോ സ്ഥിരമായ ശേഖരണ കേന്ദ്രങ്ങളിൽ നിന്നോ നഗരമാലിന്യങ്ങൾ എടുക്കുകയും അവ നീക്കം ചെയ്യുകയും ചെയ്യുന്നതിനെ ശേഖരണം എന്നു പറയുന്നു.

**13. ഉറവിടങ്ങളിൽ നിന്നുമുള്ള ശേഖരണം**
ഒരു പുരയിടത്തിൽ നിന്നോ കെട്ടിട സമുച്ചയങ്ങളുടെ പൊതുവായ സ്ഥലത്തുനിന്നോ വ്യാപാരസ്ഥാപനങ്ങളിൽ നിന്നോ നഗരസഭ നേരിട്ടു മാലിന്യം ശേഖരിയ്ക്കുന്നത്. ഇതിനെ വീടുകൾ തോറുമുള്ള ശേഖരണം അല്ലെങ്കിൽ വാതിൽപ്പുറശേഖരണം എന്നും പറയാം.

**14. പ്രാദേശിക മാലിന്യശേഖരണകേന്ദ്രം**
ഒന്നോ അതിലധികമോ സ്ഥലത്തെ കെട്ടിട ഉടമസ്ഥരോ കൈകാര്യക്കാരോ തരംതിരിച്ച് മാലിന്യം ശേഖരിക്കുന്നതിനുവേണ്ടി അവരുടെ സ്വകാര്യസ്ഥലത്തോ ഏതെങ്കിലും പൊതുസ്ഥലത്തോ തയ്യാറാക്കിയിട്ടുള്ളതും നിലനിർത്തിപോരുന്നതുമായ ശേഖരണകേന്ദ്രം.

**15. വളം നിർമ്മാണം**
സൂക്ഷമാണുക്കളെ ഉപയോഗിച്ച് ജൈവമാലിന്യം വളമാക്കിമാറ്റുന്ന പ്രക്രിയ. മണ്ണിരകളെ ഉപയോഗിച്ച് നിർമ്മിക്കുന്ന വെർമി കംപോസ്റ്റും ഇതിലുൾപ്പെടുന്നു.

**16. കെട്ടിട നിർമ്മാണസാമഗ്രികളിൽ നിന്നുമുള്ള മാലിന്യം**
കെട്ടിടനിർമ്മാണം, നന്നാക്കൽ, പൊളിയ്ക്കൽ, എന്നീ സമയത്ത് നിർമ്മാണ സാമഗ്രികളിൽ നിന്നുമുണ്ടാകുന്ന അപകടകരമല്ലാത്ത മാലിന്യം

**17. ചേരികൾ ദത്തെടുക്കൽ പദ്ധതി**

ചേരികൾക്ക് പൂർണ്ണ ശുചിത്വം നേടിക്കൊടുക്കുന്നതിനുവേണ്ടി സാമൂഹ്യ സംഘടനകളിലൂടെ കൊച്ചിനഗരസഭ നടപ്പിലാക്കുന്ന പദ്ധതി

**18. ഡെലിവറി**

ഏതെങ്കിലും തരം മാലിന്യം നഗരസഭ തൊഴിലാളിയ്ക്കോ, അതിനായി നിയമിച്ചിട്ടുള്ളതും അധികാരപ്പെടുത്തിയിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമായ വ്യക്തികൾക്കോ, ഏജൻസിക്കോ കൈമാറുന്നതിനേയും അതിനുവേണ്ടി നിയുക്തമാക്കിയിട്ടുള്ള നഗരസഭയുടേയോ, വ്യക്തികളുടേയോ ഏജൻസികളുടേയോ വാഹനങ്ങളിൽ നിക്ഷേപിയ്ക്കുന്നതിനേയും ഡെലിവറി എന്നർത്ഥമാക്കുന്നു.

**19. ഡ്രൈ വേസ്റ്റ്**

ഈ വിഞ്ജാപനത്തിലെ റൂൾ 5.1 (6) പ്രകാരം സൂചിപ്പിച്ചിട്ടുള്ള ഖലമാലിന്യ വിഭാഗത്തിനെ ഡ്രൈ വേസ്റ്റ് എന്നു പറയുന്നു.

**20. ഡ്രൈ വേസ്റ്റ് തരംതിരിവ് കേന്ദ്രം**

ഡ്രൈ വേസ്റ്റ് സ്വീകരിക്കുന്നതിനും, തരംതിരിക്കുന്നതിനും വേണ്ടി നഗരസഭയുടേയോ, ഗവൺമെന്റിന്റേയോ ഭൂമിയിലോ പൊതുസ്ഥലത്തോ സ്ഥാപിച്ചിട്ടുള്ള ഷെഡുകൾ, മൂടിയുള്ള പെട്ടികൾ / അതിനായി നിയുക്തമാക്കിയിട്ടുള്ള സ്ഥലങ്ങൾ

**21. മുന്നറിയിപ്പ് കാലഘട്ടം**

ഷെഡ്യൂൾ ഒന്നിലും, ഉപക്രമത്തിലും പ്രതിപാദിച്ചിരിക്കുന്ന പ്രത്യേക കാലഘട്ടം. ഈ കാലഘട്ടത്തിൽ നിയമലംഘനങ്ങൾക്ക് നൽകേണ്ടിവരുന്ന പിഴയ്ക്ക് ഇളവുണ്ടാകും.

**22. ഉദ്യാനപരിപാലനത്തിൽ നിന്നുമുണ്ടാകുന്ന മാലിന്യം**

പൂന്തോട്ടങ്ങളിൽ നിന്നും അധികമായുണ്ടാകുന്ന മാലിന്യങ്ങളെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വെട്ടിമാറ്റപ്പെട്ട പുല്ലും കൊഴിഞ്ഞ ഇലകളും മരത്തൊലിയും വലിയ ശിഖിരങ്ങളും, ചില്ലകളും തടികഷ്ണങ്ങളും ഇതിലുൾപ്പെടുന്നു. ഇതൊന്നും തന്നെ ദിവസേനെയുള്ള ജൈവമാലിന്യശേഖരത്തിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

**23. മാലിന്യ ഉൽപ്പാദകൻ**

കൊച്ചി നഗരസഭയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന വ്യക്തി.

**24. അപകടകരമായ മാലിന്യം**

തീ പിടിയ്ക്കുന്നതും പ്രതികരണശേഷിയുള്ളതും രാസപ്രവർത്തനം നടന്നേയ്ക്കാവുന്നതും ചില സാഹചര്യങ്ങളിൽ പൊട്ടിത്തെറിക്കാവുന്നതുമായ മാലിന്യവും ആശുപത്രി മാലിന്യവും ഇതിൽപ്പെടുന്നു.

**25. ഇടുങ്ങിയ ഓട**

കുളിമുറികളിൽ നിന്നും, മൂത്രപുരകളിൽ നിന്നും, ഓവുചാലുകളിൽ നിന്നും, കുളങ്ങളിൽ നിന്നും വെള്ളമൊഴുകി മാലിന്യനിർമ്മാർജ്ജനം സുഗമമാക്കുന്നതിനു വേണ്ടി പണിതിട്ടുള്ള കൈവഴി അഥവാ മറ്റു മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോഴോ, വൃത്തിയാക്കുമ്പോഴോ വേണ്ടി വരുന്ന ഇടുങ്ങിയ ചാല്

**26. ജഡാവസ്ഥയിലുള്ള ഖരമാലിന്യം**
സാനിട്ടറി മണ്ണുനിറയ്ക്കലിന് ഉപയോഗിക്കാവുന്ന ഏതുതരം ഖരമാലിന്യവും ഈ വിഭാഗത്തിൽ പെടുന്നു. ഭൗതീക രാസ ജൈവപ്രവർത്തനത്തിനുശേഷം അവശേഷിക്കുന്ന ചെറിയ ഭാഗങ്ങൾ ഇത്തരത്തിലുള്ളതാണ്.

**27. ലാൻഡ്ഫിൽ**
ഖരമാലിന്യങ്ങളുടെ അവശിഷ്ടഭാഗങ്ങൾ നിക്ഷേപിക്കുന്നതിനുവേണ്ടിയുള്ള നിർമ്മാർജ്ജന സ്ഥാനമാണ് ലാൻഡ്ഫിൽ. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തവിധം ആവശ്യമായ സുരക്ഷാ നടപടികൾ ഇവിടെ ക്രമപ്പെടുത്തിയിട്ടുണ്ടാവണം. ഭൂഗർഭജലം, ഭൗമോപരിതലത്തിലുള്ള ജലം, വായു തുടങ്ങിയവ മലിനപ്പെടാതെയും തീ പിടിയ്ക്കാനിടയില്ലാത്തതും പൊടി, വെള്ളക്കെട്ട്, ദുർഗന്ധം, മണ്ണൊലിപ്പ്, പക്ഷിമൃഗാദികളുടെ ശല്യം ഇവ ഉണ്ടാകാത്തതും, ഗ്രീൻഹൗസ് വാതകങ്ങൾ പുറപ്പെടുവിക്കാത്തതുമായിരിക്കണം ഇവിടെ നിക്ഷേപിക്കുന്ന വസ്തുക്കൾ.

**28. അലക്ഷ്യ വസ്തുക്കൾ (ലിറ്റർ)**
ഗാർഹീകമോ വാണിജ്യപരമോ ആയ ഖര, ദ്രവ്യമാലിന്യങ്ങൾ ഒരു പൊതുസ്ഥലത്ത് നിക്ഷേപിക്കപ്പെട്ടിട്ട് അതിന്റെ ആകൃതിയോ, വലിപ്പമോ, സ്വഭാവമോ അളവോ മൂലം എന്തെങ്കിലും ശല്യമുണ്ടാവുകയും ആസ്ഥലത്തെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ പറ്റാതെ വരുകയും ചെയ്യുന്നുവെങ്കിൽ അതിനെ അലക്ഷ്യമായ മാലിന്യനിക്ഷേപം എന്നുപറയുന്നു.

**29. അലക്ഷ്യമായ മാലിന്യനിക്ഷേപം (ലിറ്ററിങ്ങ്)**
ലിറ്ററുകൾ (അലക്ഷ്യവസ്തുക്കൾ) പൊതുസ്ഥലത്തേയ്ക്ക് എത്തിപ്പെടുന്ന വിധത്തിൽ സാവധാനത്തിലോ, ശക്തിയിലോ, ഒഴുകിയോ, പറന്നോ, താഴേയ്ക്കുവീണോ അതിനായി അനുവദിക്കുകയോ സംഭവിപ്പിക്കുകയോ ചെയ്യുന്നതിനെ അലക്ഷ്യമായ മാലിന്യനിക്ഷേപം എന്നു പറയുന്നു.

**30. നഗരസഭാ സെക്രട്ടറി**
കൊച്ചി നഗരസഭാ സെക്രട്ടറിയോ ആവശ്യമായ സാഹചര്യങ്ങളിൽ കേരളാ മുനിസിപ്പൽ ആക്റ്റ് പ്രകാരം സെക്രട്ടറിയുടെ ആധികാരങ്ങൾ നൽകി ചുമതലപ്പെടുത്തുന്ന നഗരസഭയുടെ ഉദ്യോഗസ്ഥനോ ആയിരിക്കും.

**31. നഗരമാലിന്യം**
കൊച്ചി നഗരസഭയുടെ പരിധിയിൽ ഉൽഭവിച്ചിട്ടുള്ള അപകടകരമായ വ്യവസായിക മാലിന്യങ്ങൾ ഒഴിച്ച് ഗാർഹികമോ വാണിജ്യപരമോ ആയ ഖര, അർദ്ധഖര അവസ്ഥയിലുള്ള മാലിന്യങ്ങളും ട്രീറ്റുചെയ്ത ആശുപത്രിമാലിന്യങ്ങളും.

**32. അയൽപക്കം**
ഒരു പ്രദേശത്ത് നിവസിക്കുന്നവരുടേയോ, ആ പ്രദേശത്തിന്റേയോ പ്രത്യേകതകൾ കണക്കിലെടുത്ത് വളരെ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ഒരു സ്ഥലം.

**33. പുതിയ നിർമ്മാണങ്ങൾ**
കൊച്ചി നഗരസഭയിൽ പണിയുന്ന എല്ലാ കെട്ടിടങ്ങളോടും അനുബന്ധിച്ച് മണ്ണിര വള നിർമ്മാണ യൂണിറ്റ്/ ബയോഗ്യാസ് യൂണിറ്റ് എന്നിവയിൽ ഒന്ന് നിർബന്ധമാണ്. വിജ്ഞാപന തിയതിക്കുശേഷമുള്ള എല്ലാ നിർമ്മാണങ്ങളും പുതിയ നിർമ്മാണങ്ങൾ എന്ന നിർവചനത്തിലുൾപ്പെടുന്നു.

**34. ടെക്നിക്കൽ ഓഫീസർ (പി.എച്ച്)**
ഈ നിയമങ്ങൾ പ്രാബല്യത്തിൽവരുത്തുന്നതിനും നിയമലംഘനങ്ങൾ നിരീക്ഷിക്കുന്നതിനും, ആയതിന് പിഴയീടാക്കുന്നതിനുമായി കൊച്ചി നഗരസഭ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ.

**35.കൈകാര്യക്കാരൻ/ കൈകാര്യക്കാർ**
ഒരു വ്യക്തി ഭൂമിയോ, കെട്ടിടമോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ ഏതെങ്കിലും ഒരാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നുവെങ്കിൽ, അഥവാ കൈകാര്യം ചെയ്യുന്നുവെങ്കിൽ ആ വ്യക്തിയെ കൈകാര്യക്കാര്ൻ എന്നു പറയുന്നു.

**36. ഉടമസ്ഥൻ**
ഒരു കെട്ടിടത്തിന്റേയോ ഭൂമിയുടേയോ അഥവാ അതിന്റെ ഭാഗങ്ങളുടേയോ ഉടമസ്ഥാവകാശം അനുഭവിക്കുന്ന വ്യക്തി.

**37. വ്യക്തി**
വ്യക്തിയോ, വ്യക്തികളോ, കടയോ, സ്ഥാപനമോ, കമ്പിനികളോ, സംഘടനകളോ സംയുക്തമായിട്ടോ അല്ലെങ്കിൽ അവയുടെ പ്രതിനിധികളോ വ്യക്തി എന്ന നിർവചനത്തിൽ വരുന്നു.

**38. പോയിന്റ് റ്റു പോയിന്റ് കളക്ഷൻ**
കൊച്ചി നഗരസഭയാൽ നിർദ്ദേശിക്കപ്പെട്ട പിക്കപ്പ് കേന്ദ്രങ്ങളിൽ നിന്നും നഗരത്തിലെ ഖരമാലിന്യം സംഭരിയ്ക്കുന്ന രീതിയാണിത്. ഇതിലേയ്ക്കായി സംഭരിച്ച് സൂക്ഷിച്ച മാലിന്യം വണ്ടിയിലേയ്ക്ക് മാലിന്യഉൽപ്പാദകനോ/ശേഖരിക്കുന്ന വ്യക്തിയോ തന്നെ കൊണ്ടുവന്ന് നിക്ഷേപിക്കേണ്ടതാണ്.

**39. ചുറ്റുപാടുകൾ**
ഗാർഹിക, വ്യാവസായിക, വ്യാപാര, വാണിജ്യ, സേവന, ഗവൺമെന്റ്, പൊതുജന, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, കെട്ടിടങ്ങളിലെ മുറികൾ, വീടുകൾ, എടുപ്പുകൾ, ഷെഡ്ഡുകൾ, കുടിലുകൾ, ഇഷ്ടികയോ, തടിയോ., ചെളിയോ തുടങ്ങിയ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ മറ്റു ശാലകൾ,. ഓഫീസുകൾ നിൽക്കുന്ന സ്ഥലം (അടച്ചതായാലും, തുറന്നതായാലും) മുകളിലോട്ടു പണിതതോ, അല്ലാത്തതോ ആയാലും ചുറ്റുപാടുകൾ എന്ന നിർവചനത്തിൽ വരുന്നു.
ഇതുകൂടാതെ കൊച്ചി നഗരസഭ സെക്രട്ടറി, വണ്ടികൾ പാർക്കു ചെയ്യുന്നതിനോ, തെരുവു കച്ചവടത്തിനോ, വസ്തുക്കൾ സംഭരിക്കുന്നതിനോ, പൊതുവായതോ, സ്വകാര്യമായതോ ആയ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് അനുവദിക്കുന്ന പൊതു റോഡുകളും ഇതിൽപ്പെടുന്നു.

**40. പ്രക്രിയ**
ഖരമാലിന്യം വീണ്ടും ഉപയോഗിയ്ക്കാവുന്ന വിധത്തിൽ പുന: ചംക്രമണത്തിലൂടെ പരുവപ്പെടുത്തുകയോ നികത്തലിനുപയുക്തമായ രീതിയിൽ മാറ്റിയെടുക്കുകയോ ചെയ്യുന്ന ശാസ്ത്രീയമായ രീതി.

**41. പൊതുസ്ഥലം**
പൊതുജനങ്ങൾക്ക് നടക്കുന്നതിന് അവകാശമുള്ള വഴികളും, അവർക്ക് പ്രവേശനം അനുവദിയ്ക്കപ്പെട്ട സ്ഥലങ്ങളും, പുറംപോക്ക് ഭൂമിയും ഉൾപ്പെട്ടിരിക്കുന്നു.

**42. സംഭരണികൾ**
നഗരമാലിന്യങ്ങൾ ശേഖരിക്കുവാൻ ഉപയോഗിക്കാവുന്ന ബക്കറ്റുകൾ, ബിന്നുകൾ ക്രേറ്റുകൾ, തുടങ്ങിയ എല്ലാവിധ സംഭരണികളും.

**43. പുന: ചംക്രമണം (റീ–സൈക്കളിംഗ്)**
വേർതിരിച്ചെടുത്ത ജൈവവിഘടിതമല്ലാത്ത ഖരമാലിന്യം പുതിയ ഉൽപ്പന്നങ്ങൾക്കു വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളായി രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ. ഈ ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ ഉൽപ്പന്നങ്ങളുമായി സാമ്യമുണ്ടാവുകയോ, ഉണ്ടാവാതിരിക്കുകയോ ആവാം.

**44.റിമൂവൽ ചാർജ്ജസ്**
മാലിന്യ ഉൽപ്പാദക കേന്ദ്രങ്ങളിൽ നിന്നും സമയാസമയങ്ങളിൽ നഗരമാലിന്യം ശേഖരിച്ച് കൊണ്ടുപോയി നിർമ്മാർജ്ജനം ചെയ്യുന്നതിന് കൊച്ചി നഗരസഭ ഈടാക്കുന്ന നിരക്കാണിത്. മാലിന്യനീക്കത്തിന് വ്യാപാരകേന്ദ്രങ്ങൾക്കുമേൽ ചുമത്താവുന്ന നിരക്കുകളും ഇതിൽപെടുന്നു.

**45. ഷെഡ്യൂൾ**
ഈ നിയമങ്ങൾക്ക് അനുബന്ധമായിട്ടുള്ള ഷെഡ്യൂൾ എന്നാണ്.

**46. വേർതിരിയ്ക്കൽ**
നഗരമാലിന്യം ജൈവവിഘടിത മാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ ആശുപത്രിമാലിന്യം, അപകടകരമായത്, നിർമ്മാണാവശിഷ്ടങ്ങൾ, ജഡാവസ്ഥയിലുള്ളത് എന്നിങ്ങനെ വ്യക്തമായ വിഭാഗങ്ങളായി വേർതിരിയ്ക്കുക.

**47. ഉല്ഭവസ്ഥാനം**
മാലിന്യ ഉറവിടമോ, അല്ലെങ്കിൽ മാലിന്യം സംഭരണത്തിന്/ വേർതിരിച്ച് സൂക്ഷിക്കുന്നതിനു വേണ്ടി ഉടമസ്ഥരോ, കൈവശാവകാശക്കരോ ഉപയോഗിക്കുന്ന സ്വകാര്യ/പൊതുസ്ഥലം.

**48. സ്ഥിരാവസ്ഥയിലുള്ള ജൈവവിഘടിത മാലിന്യം**
ജൈവമാലിന്യങ്ങളുടെ വിഘടനത്തിനുശേഷം അവശേഷിക്കുന്നത്. ഇത് പുനരുപയോഗത്തിന് സാദ്ധ്യമായതാണ്.

**49. സംഭരണം.**
അധികമായി ദുർഗന്ധം വമിക്കാതെ, തെരുവുമൃഗങ്ങളിൽ നിന്നും, പക്ഷികളിൽ നിന്നും അകറ്റി, അലക്ഷ്യമായ നിക്ഷേപങ്ങൾ തടഞ്ഞ് നഗരഖരമാലിന്യം താത്ക്കാലികമായി ശേഖരിക്കുന്നതിനെ സംഭരണം എന്നു പറയുന്നു.

**50. ഗതാഗതം**
നഗരഖരമാലിന്യം ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേയ്ക്ക് കൊണ്ടു പോകുന്നതിനെ ഗതാഗതം എന്നുദ്ദേശിക്കുന്നു.

**51. വാർഡ്**
ഭരണപരമായ സൗകര്യത്തിനുവേണ്ടി വിഭജിച്ചിട്ടുള്ള കൊച്ചി നഗരസഭയുടെ പരിധിയിലുള്ള സ്ഥലം.

**52. വാർഡ് ഓഫീസ്**
കൊച്ചി നഗരസഭയുടെ ഒരു ഹെൽത്ത് ഉൻസ്പെക്ടർ തലവനായിട്ടുള്ള വാർഡിന്റെ ഓഫീസ്.

## 4. നിരോധനങ്ങൾ

4.1 – ഖര, ദ്രവ, അർദ്ധഖര രൂപങ്ങളിലുള്ള ഒരു മാലിന്യവും ഈ നിയമം അനുശാസിക്കുംപ്രകാരമല്ലാതെ ഒരു വ്യക്തിയും (ഭൂ ഉടമ/ കൈവശക്കാരൻ/യാത്രികൻ) ജലാശയങ്ങൾ (സ്വാഭാവികമായതും മനുഷ്യനിർമ്മിതവും) ഉൾപ്പെടെയുള്ള ഒരു പൊതു, സ്വകാര്യസ്ഥലത്തും ഈ വിജ്ഞാപനവും, മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2000, കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 1994 ഉം അതനുസരിച്ച് രൂപപ്പെടുത്തപ്പെട്ടിട്ടുള്ള അനുബന്ധ നിയമങ്ങളും അനുസരിച്ച് അല്ലാതെ വലിച്ചെറിയാനോ, നിർമ്മാർജ്ജനം ചെയ്യാനോ, പുറം തള്ളാനോ അങ്ങിനെയൊക്കെ ചെയ്യാൻ ഇടയാക്കാനോ പാടില്ല.

4.2 – പൊതുസ്ഥലങ്ങളിൽ അതാതിനുവേണ്ടി ഏർപ്പെടുത്തപ്പെട്ട സ്ഥലങ്ങളിലൊഴികെ കുളിക്കുകയോ, വസ്ത്രം അലക്കുകയോ, തുപ്പുകയോ, മലമൂത്രവിസർജ്ജനം നടത്തുകയോ, പക്ഷിമൃഗാദികളെ കശാപ്പുചെയ്യുകയോ തീറ്റുകയോ, വാഹനങ്ങൾ കഴുകുകയോ ചെയ്യാൻ പാടില്ല.

4.3 – തന്റെ അധീനതയിലുള്ള അങ്കണം മാലിന്യമുക്തമായി സൂക്ഷിക്കുവാനും, ഖരമാലിന്യങ്ങളും, സ്വീവേജ് മാലിന്യങ്ങളും ഉൾപ്പെടെ അവിടെ നിക്ഷേപിക്കാതെ സൂക്ഷിക്കുവാനും ആവശ്യത്തിനു മാലിന്യ വീപ്പകൾ ഉപയോഗിക്കുവാനും ഓരോ പൗരനും ബാദ്ധ്യസ്ഥരാണ്.

## 5. മാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കലും, സംഭരിക്കലും

**5.1** – താഴെപ്പറയുന്ന ആറു തരത്തിൽ മാലിന്യങ്ങൾ അവ പുറന്തള്ളുന്നവർ തന്നെ തരംതിരിച്ച് അവയുടെ ഉത്ഭവസ്ഥാനത്തുതന്നെ സംഭരണത്തിനു തയ്യാറാക്കേണ്ടതാണ്.

1) അഴുകുന്ന ജൈവമാലിന്യങ്ങൾ
2) വീടുകളിലോ/സ്ഥാപനങ്ങളിലോ ഉപയോഗശേഷം പുറന്തള്ളുന്ന അപകടകാരികളായ വസ്തുക്കൾ
3) ബയോ – മെഡിക്കൽ മാലിന്യങ്ങൾ
4) ഫ്ളാറ്റ് , വില്ലാസ്, അപ്പാർട്ട്മെന്റ്സ് മറ്റു കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങളും പൊളിച്ചുമാറ്റുന്ന പഴയ കെട്ടിട ഭാഗങ്ങളും.
5) തൊടികളിലും, ഉദ്യാനങ്ങളിലും നിന്ന് പുറന്തള്ളപ്പെടുന്ന സസ്യഭാഗങ്ങൾ
6) അഴുകാത്തതും, നനവില്ലാത്തതുമായ റീസൈക്കിൾ ചെയ്യാവുന്നവയും ചെയ്യാനാവാത്തതുമായ എല്ലാ മാലിന്യങ്ങളും

**5.2** – മാലിന്യങ്ങൾ വേർ തിരിച്ച്, പരസ്പരം കലരാത്ത വിധത്തിൽ സംഭരിച്ച് മാലിന്യം ഉൽപ്പാദിക്കപ്പെടുന്ന (ഴലിലൃമലേ ചെയ്യപ്പെടുന്ന) സ്ഥാനങ്ങളിൽ സൂക്ഷിക്കേണ്ടതും, സംഭരണചുമതലയുള്ളവരെ ഏൽപ്പിക്കേണ്ടതുമാണ്. കൈമാറുന്ന മാലിന്യങ്ങൾ ഇത്തരത്തിൽ വേർതിരിച്ച് നൽകാതിരുന്നാൽ അത് നിയമലംഘനമായി കണക്കാക്കപ്പെടുകയും, ശിക്ഷകളേയും, പിഴകളേയും പറ്റി പ്രതിപാദിക്കുന്ന പട്ടികയിൽ നിശ്ചയിച്ച പിഴ ഈടാക്കപ്പെടുകയും ചെയ്യുന്നതാണ്.

(വിവരണം 1 – അതാത് സമയത്ത് നിലവിൽ വരുന്ന സംവിധാനങ്ങൾക്കനുസരിച്ച് ഓരോ ഇനം മാലിന്യവും സൂക്ഷിക്കുകയും, കൈമാറുകയും, സംഭരിക്കുകയും ചെയ്യുന്ന രീതിയും സ്ഥലവും സംഭരണ പാത്രങ്ങളുടെ നിറവും സംഭരണ സമയവും അവ

വേർതിരിച്ച് കൈകാര്യം ചെയ്യേണ്ട സുരക്ഷിതമായ മാർഗ്ഗങ്ങളും നഗരസഭാ സെക്രട്ടറി വിജ്ഞാപനം ചെയ്യുന്നതാണ്.)

**5.3** – അഴുകുന്ന ജൈവമാലിന്യങ്ങൾ – മാലിന്യം സ്വന്തമായി സംസ്ക്കരിക്കുന്നതിന് സംവിധാനങ്ങളൊരുക്കിയിട്ടില്ലാത്ത വീട്ടുടമകൾ എല്ലാവരും അവ അതിനായി നൽകപ്പെടുന്ന അടപ്പുള്ള ബക്കറ്റുകളിൽ സംഭരിക്കുകയും, അവ സംഭരിക്കുന്നതിന് നിയോഗിക്കപ്പെട്ടവർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. ഈ സംഭരണ സംവിധാനമൊരുക്കാൻ നഗരസഭ കാലാനുസൃതമായി നിശ്ചയിക്കുന്ന തുക വ്യക്തി നൽകണമെന്നത് വ്യവസ്ഥയാണ്.

**5.4** – കൂടുതൽ മാലിന്യങ്ങൾ പുറന്തള്ളേണ്ടി വരുന്ന സ്ഥാപനങ്ങൾ – ഹോട്ടലുകൾ. റെസ്റ്റോറന്റുകൾ, കേറ്ററിംഗ് യൂണിറ്റുകൾ, കല്യാണമണ്ഡപങ്ങൾ, ആശുപത്രികൾ, കാന്റീനുകൾ, മൽസ്യ മാംസ സംസ്കരണ സ്ഥാപനങ്ങൾ, സ്വകാര്യ മാർക്കറ്റുകൾ – എന്നിവ സ്വന്തമായി മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടാക്കിയിരിക്കണമെന്നത് ഈ വിജ്ഞാപനപ്രകാരം വ്യവസ്ഥ ചെയ്യുന്നു. അത് നിർമ്മിക്കുന്നതും, നിലനിർത്തുന്നതും ഈസ്ഥാപനങ്ങൾക്കുള്ള ലൈസൻസിന്റെ ഭാഗമായി നിർബന്ധിതമാക്കുകയും ചെയ്യുന്നു.

സ്ഥലപരിമിതി കൊണ്ട് ഇത്തരം സംവിധാനങ്ങളൊരുക്കാൻ തികച്ചും അസാദ്ധ്യമെന്ന് നഗരസഭാധികൃതർ പരിശോധിച്ച് ബോധ്യപ്പെടുന്ന ബൾക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് മാലിന്യ സംഭരണം നടത്തുന്നതിന് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് നഗരസഭ നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥചെയ്യുന്നു. ആശുപത്രികൾ , കല്യാണമണ്ഡപങ്ങൾ എന്നിവ ഉൾപ്പെട്ട ബൾക് ജനറേറ്ററുകൾ പ്ളാന്റ് നിർമ്മാണത്തിന് സ്ഥലം സ്വയം കണ്ടെത്തി മാലിന്യ സംസ്കരണം തങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

**5.5** – വീടുകളിൽ നിന്നും ബൾക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിലും നിന്നും പുറന്തള്ളപ്പെടുന്ന അപകടകാരികളായ ഉപയോഗരഹിത വസ്തുക്കൾ ബന്ധപ്പെട്ട സർക്കിളിലെ ഹെൽത്ത് ഇൻസ്പെക്ടർ പ്രസിദ്ധപ്പെടുത്തുന്ന ഒരു ദിവസം ആഴ്ചതോറും, നഗരസഭാ ജീവനക്കാർക്ക് / സംഭരണതൊഴിലാളികൾക്ക് പ്രത്യേകം കൈമാറുവാൻ വീട്ടുടമ / സ്ഥാപനാധികാരി ചുമതലപ്പെട്ടിരിക്കുന്നു.

**5.6** – ബയോ–മെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുവാൻ ആശുപത്രികളും. ആരോഗ്യസ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്. അവ ഇതര മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സങ്കേതങ്ങളിൽ കൊണ്ടുവന്നു തള്ളുന്നത് ഇതിനാൽ ശിക്ഷാർഹമായി പ്രഖ്യാപിക്കുന്നു. അവ പൂർണ്ണമായും അപകടവിമുക്തമാക്കി നശിപ്പിക്കുന്നതിന് ആശുപത്രികൾ സ്വയം ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ, അതിനായി സംവിധാനമൊരുക്കിയിട്ടുള്ള ഇതര ഏജൻസികളെ ബന്ധപ്പെടുത്തി അവ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതാണ്.

**5.7** – കെട്ടിട നിർമ്മാണ – കെട്ടിട അവശിഷ്ടങ്ങൾ (Construction and Demolition Waste – C & D Waste) – കെട്ടിടങ്ങൾ നിർമ്മിക്കുകയും പഴയവ പൊളിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ, കാനകളും ജലാശയങ്ങളും കോരി വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന ചെളി എന്നിവ ആര് പുറന്തള്ളുന്നുവോ (ഴലിലൃമലേ ചെയ്യുന്നുവോ) അവർ തന്നെ പ്രത്യേകം വേർതിരിച്ച് സ്വന്തം സ്ഥലത്തു സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഹെൽത്ത് സർക്കിളിലോ, കോർപ്പറേഷന്റെ ടോൾഫ്രീ നമ്പറിലോ വിളിച്ച് നഗരസഭ നിശ്ചയിക്കുന്നവരുടെ സഹായത്തോടെ നീക്കം ചെയ്യേണ്ടതും അതിന് നിശ്ചയിക്കപ്പെടുന്ന ഫീസ് ഒടുക്കേണ്ടതുമാണ്.

**5.8** – ഇതര അജൈവ മാലിന്യങ്ങൾ – റീസൈക്കിൾ ചെയ്യാവുന്നവയും, അല്ലാത്തവയും – ഇത്തരത്തിലുള്ള മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുവാനും, അവ നിയോഗിക്കപ്പെടുന്ന നഗരസഭാ ജീവനക്കാർ / അംഗീകൃത സംഭരണ ഏജൻസികൾ എന്നിവർക്കു നിശ്ചിത ദിവസത്തിനുള്ളിൽ കൈമാറുവാനും ഓരോ പൗരനും ബാദ്ധ്യതയുണ്ട്.

**5.9** – പൊതു സംഭരണ സൗകര്യങ്ങൾ/ ശാലകൾ – നഗരസഭ മാലിന്യസംഭരണത്തിനേർപ്പെടുത്തുന്ന പൊതു സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നവർ മാലിന്യം തരംതിരിച്ച് അതാതിനായി നിർദ്ദേശിക്കപ്പെടുന്ന സംഭരണിയിൽ തന്നെ നിക്ഷേപിക്കുന്നുവെന്നും, വഴിമദ്ധ്യേ ടിക്കറ്റ്, കടലാസുകൾ, സിഗററ്റുകൾ, തുണികൾ മറ്റു വസ്തുക്കളും അലക്ഷ്യമായി നിക്ഷേപിക്കുവാൻ പാടില്ലാത്തതും അവ സംഭരണിക്കോ ശാലയ്ക്കോ പുറത്ത് ചിതറി വീഴുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായ പ്രവർത്തികൾ ശിക്ഷാ പട്ടികയിൽ പറയുന്ന പിഴ ഈടാക്കാൻ കാരണമാകുന്ന കുറ്റമായി കണക്കാക്കപ്പെടും.

**5.10** – മാലിന്യങ്ങൾ കത്തിക്കുന്നത് – മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ, മാലിന്യനിക്ഷേപ കേന്ദ്രത്തിലോ മറ്റേതെങ്കിലും പൊതു–സ്വകാര്യസ്ഥലത്തോ വച്ച് കത്തിക്കുന്നത് ശിക്ഷാർഹമാണ്. (നഗരസഭയിൽ നിന്ന് പ്രത്യേക അനുമതി വാങ്ങി അടച്ചു സൂക്ഷിച്ചതും നിയന്ത്രണവിധേയവുമായ ഇൻസിനേറ്റർ ഉപയോഗിച്ച് പ്രത്യേകതരം മാലിന്യങ്ങൾ നശിപ്പിക്കുന്നത് ഇതിൽ ഉൾപ്പെടുന്നില്ല.) സ്വന്തം വീട്ടുവളപ്പിൽ അയൽവാസികൾക്ക് പരാതി ഇല്ലാത്ത വിധത്തിൽ ഗാർഹിക ചവർ കത്തിക്കുന്നത് കുറ്റകരമായി കണക്കാക്കുന്നതല്ല.

**5.11** – മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങളുടെ ലംഘനം പിഴശിക്ഷയെ കുറിച്ചുള്ള പട്ടികയിൽ പറയുന്ന പിഴ ലഭിക്കാനിടയാക്കും.

**5.12** – വാഹനകോൺട്രാക്ടർമാർക്കും നഗരസഭാ ജീവനക്കാർക്കും എതിരെയുള്ള നടപടികൾ – കോൺട്രാക്ടറോ, ജീവനക്കാരോ വേർതിരിച്ചു ലഭ്യമാക്കുന്ന മാലിന്യം സംഭരണ സമയത്തോ പിന്നീടോ മിശ്രണം ചെയ്യുന്നതായി കണ്ടാലോ അനുശാസിക്കപ്പെട്ട സമയത്ത് മാലിന്യസംഭരണം നടത്താതിരുന്നാലോ പിഴയും സർവ്വീസ് ചട്ടങ്ങളും അനുശാസിക്കുന്ന ശിക്ഷാനടപടികളും സ്വീകരിക്കുന്നതാണ്.

## 6. നഗരസഭയുടെ ചുമതലകൾ

നഗരത്തിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെപറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭയ്ക്ക് ചുമതലയുണ്ട്.

- മാലിന്യ സംസ്ക്കരണത്തിനുള്ള ജീവനക്കാരെ നിയമിക്കുക. മാലിന്യനിക്ഷേപത്തിനുള്ള ബിന്നുകൾ, സൗകര്യപ്രദമായ സർവ്വീസ് സെന്ററുകൾ, ജൈവേതര പുനരുപയോഗസാദ്ധ്യതയുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സോർട്ടിംഗ് സെന്ററുകൾ, വാഹനങ്ങൾ, വികേന്ദ്രീകൃത സ്വഭാവമുള്ള ബയോഗ്യാസ്, വിൻട്രോ കമ്പോസ്റ്റ് യൂണിറ്റുകൾ, വികേന്ദ്രീകൃത സ്വഭാവത്തിൽ പ്ലാന്റ് എന്നിവ സജ്ജീകരിക്കുകയും ചെയ്യുക.

- മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളിൽ വൈദഗ്ദ്യമുള്ള ഏജൻസികൾ, പുനരുപയോഗ സാദ്ധ്യതയുള്ളതും പുനരാവിഷ്ക്കാരം ചെയ്ത് ഉപയോഗയോഗ്യമാക്കുവാൻ പര്യാപ്തവുമായ വസ്തുക്കൾ സ്വീകരിക്കുന്നതിനും,

സംസ്ക്കരിക്കുന്നതിനും അംഗീകാരമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തി കാലാകാലങ്ങളിൽ അവരുടെ വിവരങ്ങൾ പ്രാദേശികതലത്തിൽ ലഭ്യമാക്കൽ, അവരുടെ വിലാസം, ഫോൺ നമ്പരുകൾ എന്നിവ പ്രസിദ്ധീകരിക്കൽ.

- മാലിന്യ സംഭരണ വാഹനങ്ങളുടെ യാത്രാചാർട്ടുകൾ, മാലിന്യം ഓരോ സ്ഥലത്തുനിന്നും ശേഖരിക്കുന്ന സമയം, മാലിന്യങ്ങൾ അവിടേയ്ക്ക് എത്തിക്കേണ്ട ഉപസംവിധാനങ്ങളുടെ വിന്യാസം എന്നിവ നിശ്ചയിക്കുകയും കാലാകാലങ്ങളിൽ അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്യൽ

- ആഴ്ചതോറും എത്രമാത്രം മാലിന്യങ്ങൾ സംഭരിക്കപ്പെടുന്നു, അവ ഏതെല്ലാം മാർഗ്ഗങ്ങളിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നതിനെക്കുറിച്ചും, നിയമങ്ങൾ അനുസരിക്കാത്തതിനാൽ ആർക്കെല്ലാം പിഴ ഈടാക്കുവാനുള്ള ഉത്തരവുകൾ നൽകി എന്നതിനെക്കുറിച്ചുമുള്ള വിവരങ്ങൾ നഗരസഭ വെബ്സൈറ്റിലൂടെയും, നഗരസഭാ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തൽ, നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു മൂത്ര പുരങ്ങളും, കക്കൂസുകളും, ശൗചാലയങ്ങളും, തുപ്പു കോളാമ്പികളും നിർമ്മിച്ച് പൊതുജന ഉപയോഗത്തിനായി സൗകര്യപ്പെടുത്തുന്നതാണ്.

- സ്വകാര്യസംവിധാനങ്ങൾ വഴി മാലിന്യങ്ങളിൽ നിന്നും ജൈവവളം സംസ്കരിച്ചെടുക്കുന്ന സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും , പിൻതുണക്കുകയും ചെയ്യുന്നു.

- തരംതിരിച്ച് വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ റസിഡൻസ് അസ്സോസ്സിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസേവകർ, തൊഴിലാളികൾ ഇവരുടെ സഹായത്തോടെ തരംതിരിച്ച് തന്നെ സംഭരിക്കുകയും, അംഗീകൃത മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യൽ.

- വലിയ പാർപ്പിട സമുച്ചയങ്ങൾ ഒഴികെയുള്ള പാർപ്പിട മേഖലകൾ, മാലിന്യ സംഭരണ കേന്ദ്രങ്ങൾ, അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിന് ഏർപ്പെടുത്തുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വേണ്ട പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

- മാലിന്യശേഖരണം സംസ്ക്കരണം എന്നിവയുമായി ബന്ധപ്പെട്ടതും, വ്യക്തി, സ്ഥാപനം, സംഘടന എന്നീ നിലകളിൽ ഉള്ളവരിൽ നിന്നും നഗരസഭയോ, നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസികളോ സ്വീകരിക്കേണ്ട സേവന സംബന്ധിയായ ഫീസിന്റെ നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കൽ.

- നഗരസഭ നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും മാലിന്യസംഭരണവും, നിർമ്മാർജ്ജനവും നടത്തുന്നതിന് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവർക്ക് വ്യക്തമായ അറിവ് നൽകും വിധം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, അതിനായി നഗരസഭ വെബ്സൈറ്റിൽ ഇൻഫോ–ലൈൻ ആരംഭിക്കുകയും അതിലൂടെ കൃത്യമായ വിവരങ്ങൾ മാദ്ധ്യമങ്ങൾക്കും, ജനങ്ങൾക്കും എത്തിക്കുകയും ചെയ്യൽ

- ഓരോ ഡിവിഷനിലും ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതാത് സമയത്തെ പ്രശ്നങ്ങളെ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങളിൽ എത്തിച്ചേരുന്നതിനും താല്പ്പര്യമുള്ളവരെ ഉൾപ്പെടുത്തി ഡിവിഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും അതാത് വർഷം തോറും പുനസംഘടിപ്പിക്കുന്നതിനും, ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ അവ പ്രവർത്തിക്കുന്നതിന് മാർഗ്ഗരേഖ നൽകുന്നതിനും ഉൾപ്പെടെയുള്ള വ്യവസ്ഥാപിത നിർദ്ദേശങ്ങൾ നൽകൽ.
- സേവനങ്ങൾ, സാമഗ്രികൾ എന്നിവയ്ക്കായുള്ള ടെണ്ടറുകൾ ക്ഷണിക്കൽ– ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാമഗ്രികൾ, എന്നിവയ്ക്കായി പരസ്യം ചെയ്യൽ, ഏതെങ്കിലും നഗരസഭ സ്ഥലമോ, സൗകര്യമോ ഇക്കാര്യത്തിനായി ലീസ് വ്യവസ്ഥയിൽ പരസ്യം ചെയ്ത് നൽകൽ, ടെണ്ടറുകൾ ക്ഷണിക്കൽ തുടങ്ങിയവയെല്ലാം നഗരസഭ സെക്രട്ടറിയുടെ പേരിലും ഉത്തരവാദിത്വത്തിലും ആയിരിക്കും.
- പരിശോധനകൾ – നഗരസഭ അനുശാസിക്കുന്ന രീതിയിലാണ് ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ ഏതുസ്ഥലവും സ്ഥാപനവും പരിശോധിക്കുവാനും, നിയമലംഘനം നടക്കുമ്പോൾ പിഴ ഈടാക്കുവാനും സാധാരണ സാഹചര്യത്തിൽ അതാതു ഹെൽത്ത് സർക്കിളുകളുടെ ചുമതല വഹിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർക്കും, ഹെൽത്ത് ജീവനക്കാർക്കും അധികാരം ഉണ്ടായിരിക്കുന്നതും പ്രത്യേക സാഹചര്യത്തിൽ നഗരസഭ സെക്രട്ടറിയും നഗരസഭ ഹെൽത്ത് ഓഫീസറും ചുമതലപ്പെടുത്തുന്ന ഏതൊരു നഗരസഭാ ഉദ്യോഗസ്ഥനും ആ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

- പ്രഖ്യാപിത വാർഷിക ലക്ഷ്യങ്ങൾ – പ്രഖ്യാപിത വാർഷിക ലക്ഷ്യങ്ങൾ നഗരസഭ നിശ്ചയിച്ച് വർഷം തോറും പ്രസിദ്ധപ്പെടുത്തുന്നതും ശുചീകരണ–ഖരമാലിന്യ–സംസ്ക്കരണ പ്രവർത്തനങ്ങൾ അനുസരിച്ച് ക്രോഡീകരിക്കുന്നതുമാണ്.

- സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും –നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ട അടിസ്ഥാന വിവരങ്ങൾ നഗരസഭയുടെ **www.corporationofcochin.net** എന്ന വെബ്സൈറ്റിൽ ലഭ്യമായിരിക്കുന്നതും അത് പുതുക്കുവാനുള്ള (update) ഉത്തരവാദിത്വം നഗരസഭ സെക്രട്ടറി, ഹെൽത്ത് ഓഫീസർ, ഹെൽത്ത് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻ എന്നിവരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

- സർക്കാർ – ഇതര സ്ഥാപനങ്ങളുമായുള്ള സഹകരണം –കൊച്ചി നഗരസഭ ഈ വിജ്ഞാപനപ്രകാരം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പിനും വിജയത്തിനുമായി, കേന്ദ്ര –സംസ്ഥാന സർക്കാരുകളേയും ഇതര സർക്കാർ– അർദ്ധ സർക്കാർ – സർക്കാരിതര ഏജൻസികളേയും ബന്ധപ്പെടുന്നതിനുള്ള സ്വാതന്ത്ര്യവും, അവകാശവും നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

- വഴിവാണിഭക്കാർ, കാൽനടകച്ചവടക്കാർ എന്നിവർക്കുള്ള നിബന്ധനകൾ– ഗാർഹിക മാലിന്യ സംഭരണ മാതൃകയിൽ തന്നെ കച്ചവട സ്ഥലങ്ങളിലും കേന്ദ്രങ്ങളിലും മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുകയും അതിനുശേഷം നഗരസഭാ ജീവനക്കാർക്ക് / നിയുക്ത ഏജൻസിക്ക് അത് കൈമാറുകയും ചെയ്യേണ്ടതാണ്.

- വളർത്തു മൃഗങ്ങളുടെ വിസർജ്ജ്യങ്ങൾ, അവയെ കുളിപ്പിക്കുകയും, അവയുടെ വാസസൗകര്യങ്ങൾ വൃത്തിയാക്കുകയും ചെയ്യുന്ന മലിനജലം എന്നിവ പൊതുനിരത്തിലേയ്ക്കും, കാനയിലേയ്ക്കും മറ്റും ഒഴുക്കുന്നത് ശിക്ഷാർഹമാണ്. അവയെ ഉടമ സ്വന്തം സ്ഥലത്ത് തന്നെ സംരക്ഷിക്കേണ്ടതും വളർത്തുമൃഗങ്ങൾ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത് കണ്ടാൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
- ചില വസ്തുക്കളുടെ ഉപയോഗം നിയമം മുലം നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യൽ – പൊതുജനാരോഗ്യത്തിനും, നന്മയ്ക്കും, ഉപദ്രവമെന്ന് ബോധ്യപ്പെടുന്ന വസ്തുക്കളുടെ ഉപയോഗം നഗരസഭാ പരിധിക്കുള്ളിൽ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാൻ നഗരസഭയ്ക്ക് അധികാരമുണ്ട്. ഉദാഹരണം പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ. സർക്കാർ നിയന്ത്രണം ബാധകമായുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾക്ക് പുറമേ പ്ലാസ്റ്റിക്ക് ഗ്ലാസ്സുകൾ, പ്ലേറ്റുകൾ, ഐസ്ക്രീം കപ്പുകൾ, സ്ട്രോകൾ, കിറ്റുകൾ, പ്ളാസ്റ്റിക് ആവരണം ചെയ്ത ബൊക്കകളും മറ്റു ഉൽപന്നങ്ങളും എന്നിവ നഗരപരിധിക്കുള്ളിൽ ഉപയോഗിക്കുന്നതും പ്ളാസ്റ്റിക് കിറ്റുകളിൽ പൊതിഞ്ഞ് മാലിന്യം വലിച്ചെറിയുന്നതും ഇതിനാൽ ശിക്ഷാർഹമായി പ്രഖ്യാപിക്കുന്നു.
- മാലിന്യ ശേഖരണ– പ്രതിമാസ ഫീസ് – വേർതിരിച്ച് മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം ഭവനങ്ങളിൽ നിന്ന് 30/– ( മുപ്പത് രൂപയും ) ബൾക്ക് ജനറേറ്റർ ഒഴികേയുള്ള സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞത് 100 –( നൂറ് രൂപയും) ടണ്ണിന് 100 രൂപ ക്രമത്തിലും നഗരസഭയിൽ പ്രതിമാസം ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

## <u>പിഴകളും ഇതരശിക്ഷകളും</u>

- ഈ നിയമങ്ങളുടെ ലംഘനം നിയമപരമായ ശിക്ഷയ്ക്കിടയാക്കും. (പട്ടിക 1 നോക്കുക).
- നഗരസഭാ സെക്രട്ടറിയോ , ചുമതലപ്പെടുത്തിയിരിക്കുന്ന മറ്റ് ഉദ്യോഗസ്ഥരോ ബൈലോ പ്രകാരം ചുമത്തുന്ന പിഴ ശിക്ഷയിൻമേലുള്ള അപ്പീൽ, ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാവുന്നതും കമ്മിറ്റിക്ക് ഉചിതമായ ഇളവ് അനുവദിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

**<u>ഉപക്രമം</u>**

1. ഈ വിജ്ഞാപനം നിലവിൽ വന്ന ശേഷം ആദ്യത്തെ ഒരുമാസം നിയമപരമായ അവബോധം ജനങ്ങളിൽ വളർത്തുന്നതിന്റെ ഭാഗമായി നിശ്ചിത പിഴയുടെ പകുതി ആയിരിക്കും ഈടാക്കുക.
2. മാലിന്യം വേർതിരിക്കൽ, അങ്ങിനെ സംഭരിക്കൽ, തുടങ്ങിയ കാര്യങ്ങളിൽ ആദ്യത്തെ മേൽപ്പറയുന്ന ഒരുമാസം വീട്ടുടമകൾക്ക് പിഴ ഇല്ലാതിരിക്കുന്നതും എന്നാൽ കൂടുതൽ മാലിന്യം പുറന്തള്ളുന്നവർക്ക് മേൽനിശ്ചയപ്രകാരം പിഴ ഉണ്ടായിരിക്കുന്നതുമാണ്.
3. 'Clean Kochi Zone' ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലുള്ളവർക്ക് പട്ടികപ്രകാരം ഈടാക്കേണ്ടിവരുന്ന പിഴ ഇരട്ടിയായിരിക്കും.
4. കുറ്റം ആവർത്തിക്കുന്നവർക്ക് പിഴ അഞ്ചിരട്ടിയായിരിക്കും
5. ഓരോ ഇനത്തിലും പിഴയായി കണക്കാക്കപ്പെട്ടിരിക്കുന്ന തുകയ്ക്ക് വർഷം തോറും കോർപ്പറേഷൻ നിശ്ചയിക്കുന്ന വർദ്ധനവ് വിജ്ഞാപനപ്രകാരം അനുവദനീയമാണ്.

ഒപ്പ്

**മിനി ആന്റണി ഐ.എ.എസ്.**

**കൊച്ചി നഗരസഭാ സെക്രട്ടറി**

(കൊച്ചി നഗരസഭാ കൗൺസിൽ നിർദ്ദേശ പ്രകാരം)

# പട്ടിക - ഒന്ന്

| വകുപ്പ് | കുറ്റം | പിഴ |
|---|---|---|
| 336 | പരിസരങ്ങളിൽ ചവറ്/മാലിന്യം മുതലായവ ഇരുപത്തിനാലു മണിക്കൂറിലധികം സമയം കൂടിക്കിടക്കുവാൻ അനുവദിക്കുന്നതിന് | 1000/- |
| 335 | മൃഗശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കൈയ്യൊഴിയുന്നതിന് | 500/- |
| 337 | തെരുവുകളിൽ കൂടി മാലിന്യം ഒഴുകിപോകാൻ അനുവദിക്കുന്നതിന് | 2500/- |
| 338 | തോല്, മൃഗശവങ്ങൾ മുതലായവ നിയമം ലംഘിച്ച് കൈയ്യൊഴിയുന്നതിന് | 5000/- |
| 340 | ചവറോ, മാലിന്യമോ, കെട്ടിടാവശിഷ്ടമോ പൊതുസ്ഥലത്ത് എറിയുന്നതിന് | 2000/- |
| 425 | ജലാശയങ്ങളിലെ ജലം മലിനപ്പെടുത്തുന്നതിന് | 500/- |
| 341 | പൊതുതെരുവുകൾ മുതലായവയിൽ ശല്യം ചെയ്യുന്നതിന് | 500/- |
| 370 | പൊതുതെരുവിൽ സാധനങ്ങൾ അനധികൃതമായി നിക്ഷേപിക്കുക മുതലായവ ചെയ്യുന്നതിന് | 1000/- |
| 378 | വൃക്ഷങ്ങൾ വീഴുന്നത് മുതലായ തെരുവിലുണ്ടാകുന്ന തടസ്സം 12 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | 1000/- |
| 426 | ആൾപ്പാർപ്പില്ലാത്ത പരിസരങ്ങൾ കെട്ടി അടയ്ക്കുന്നതിനോ വെട്ടിവെടിപ്പാക്കുന്നതിനോ വൃത്തിയാക്കുന്നതിനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 427 | കുടിപാർപ്പില്ലാത്ത പുരയിടങ്ങൾ കെട്ടി അടയ്ക്കണമെന്നോ വെട്ടിത്തെളിക്കണമെന്നോ, വൃത്തിയാക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 436 | ശല്യമോ ആപത്തോ ഉണ്ടാകത്തക്കവണ്ണം മൃഗങ്ങളെ നിയമവിരുദ്ധമായി വളർത്തുന്നതിന് | 500/- |

- 449 ശല്യം ഇല്ലാതാക്കുന്നത് സംബന്ധിച്ച് ഉത്തരവ് ലംഘിക്കുന്നതിന് 2500/-

- 465 സ്വകാര്യ മാർക്കറ്റുകളുൽ ശല്യം ഉണ്ടാക്കുന്നതിന് 250/-

- 519 സമൻസ് അനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് 500/-

- നിരോധിത, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉൽപാദനം, വിതരണം, സംഭരണം, വിൽപ്പന, ഉപയോഗം, കടത്തിക്കൊണ്ടുപോകൽ, തരംതിരിക്കൽ, ശേഖരിക്കൽ എന്നിവ നടത്തുന്നതിന്

1. പ്രാരംഭഘട്ടത്തിൽ പ്ലാസ്റ്റിക്ക് പിടിച്ചെടുക്കുകയും 500 രൂപ പിഴയും
2. രണ്ടാമതും ആവർത്തിക്കുന്ന പക്ഷം 5000 രൂപ പിഴ
3. വീണ്ടും ആവർത്തിക്കുന്ന പക്ഷം 10000 രൂപ പിഴ
4. വീണ്ടും ആവർത്തിക്കുന്ന പക്ഷം 25000 രൂപ പിഴയും, 06 മാസം ജയിൽ ശിക്ഷയും

| ബൈലോ പട്ടിക | കുറ്റം | പിഴ |
|---|---|---|
| 4.2 | പൊതുസ്ഥലങ്ങളിൽ അതാതിനുവേണ്ടി ഏർപ്പെടുത്തപെടാത്ത സ്ഥലങ്ങളിൽ കുളിക്കുകയോ, തുപ്പുകയോ, മലമൂത്രവിസർജ്ജനം നടത്തുകയോ, പക്ഷിമൃഗാദികളെ കശാപ്പുചെയ്യുകയോ തീറ്റുകയോ, വാഹനങ്ങൾ കഴുകുകയോ ഓയിലും മറ്റു പെട്രോളിയം ഉൽപന്നങ്ങളും വീഴ്ത്തുന്നതിനും | 250/- |
| 4.3 | തന്റെ അധീനതയിലുള്ള അങ്കണം മാലിന്യമുക്തമായി സൂക്ഷിക്കാതിരിക്കുന്നതിന് | 250/ |
| 5.2 | മാലിന്യം വേർതിരിച്ച്, അടച്ച് സംഭരിച്ച് കൈമാറാതിരിക്കുന്നതിന് | 250/- |
| 5.4 | കൂടുതൽ മാലിന്യങ്ങൾ പുറന്തള്ളുന്ന സ്ഥാപനങ്ങൾ സ്വന്തമായി മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ നിർമ്മിക്കാതിരിക്കുന്നതിന് | 5000/- |
| 5.5 | അപകടകാരികളായ ഉപയോഗരഹിത വസ്തുക്കൾ ആഴ്ചയിൽ ഒരു ദിവസം കൈമാറാതെ പൊതു/സ്വകാര്യസ്ഥലത്ത് നിക്ഷേപിക്കുന്നതിന് | 250/- |
| 5.6 | ബയോ-മെഡിക്കൽ മാലിന്യങ്ങൾ ഇതര മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ തള്ളുന്നതിന് | 10,000/- |

- 5.7 – കെട്ടിട അവശിഷ്ടങ്ങൾ, കാനകളും ജലാശയങ്ങളും മറ്റും വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാതിരിക്കുന്നതിന് — 3500/ടൺ

- 5.9 – മാലിന്യം തരംതിരിച്ച് നിർദ്ദേശിക്കുന്ന സംഭരണിയിൽ നിക്ഷേപിക്കാതിരിക്കുന്നതിനും, സംഭരണിക്കോ ശാലയ്ക്കോ പുറത്ത് നിക്ഷേപിക്കുന്നതിനും — 250/-

- 5.10 – മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ, മാലിന്യനിക്ഷേപ കേന്ദ്രത്തിലോ പൊതു-സ്വകാര്യസ്ഥലത്തോ വച്ച് കത്തിക്കുന്നതിന് — 100/-

- 5.12 – മാലിന്യം ശേഖരിക്കുന്നവരോ/ നഗരസഭാ ജീവനക്കാരോ/ കോൺട്രാക്ടറോ വേർതിരിച്ചു ലഭ്യമാക്കുന്ന മാലിന്യം പിന്നീട് മിശ്രണം ചെയ്യുന്നതിന് — 2000/-

**എൻ.ബി.** കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിൽ ഉണ്ടാകുന്ന ഭേദഗതികൾ കൂടാതെ സർക്കാർ ഉത്തരവുകളും ടി ബൈലോയ്ക്ക് ബാധകമായിരിക്കുനനതാണ്.